**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3008** **10-03-2025 - ൽ മറുപടിയ്ക്ക്**

**കൊയ്പ്പാടി വില്ലേജിൽ നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കൊയ്പ്പാടി വില്ലേജിൽ നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിൽ മത്സ്യത്തൊഴിലാളികൾക്കായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>അഞ്ച് ബ്ലോക്കുകളിൽ ബ്ലോക്ക് എ-യും, ബി-യും ഫൗണ്ടേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>ബ്ലോക്ക് സി-യിൽ ഒന്നാം നിലയുടെ പകുതി ഭാഗം റൂഫ് സ്ലാബ് കോൺക്രീറ്റ് പ്രവൃത്തി പൂർത്തീകരിച്ചു. രണ്ടാം പകുതിയുടെ റൂഫ് സ്ലാബിന് വേണ്ടിയുള്ള സെന്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ച് സ്റ്റീൽ പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>ബ്ലോക്ക് ഡി-അംഗൻവാടി പുതിയ കെട്ടിടത്തിലേക്കു മാറ്റിയതിനു ശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.<br><br>ബ്ലോക്ക് ഇ- രണ്ടാം നിലയുടെ സ്ട്രക്ചർ പൂർത്തീകരിച്ചു. ഗ്രൗണ്ട് ഫ്ലോറിന്റെ ലാറ്ററൈറ്റ് പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ തീയതി എന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഉടമ്പടി പ്രകാരം പ്രവൃത്തിയുടെ കാലാവധി 19.03.2025 വരെയാണ്. |
| (സി) | പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | 2025 ഡിസംബറിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ